പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ 5806

25/05/2017 ൽ
മറുപടിക്ക്

**പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലായതിന്റെ കാരണങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ആർ. രാജേഷ്<br>ശ്രീ.എം. രാജഗോപാലൻ<br>ശ്രീ.വി.ടി.എ. റഹീം<br>ശ്രീ.എ. എൻ. ഷംസീർ | ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| എ) മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലായതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | എ) ഉണ്ട്. സ്ഥാപനങ്ങളിൽ കാലാനുസൃതമായ സാങ്കേതികവിദ്യ നടപ്പിലാക്കി വിപണനത്തിനനുയോജ്യമായ ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണത്തിലുണ്ടായ കാല താമസം, മെഷീനറികളുടെ കാലപ്പഴക്കം എന്നിവ സ്ഥാപനങ്ങളുടെ മെച്ചപ്പെട്ട പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇറക്കുമതി യെയും, വിപണിയിൽ നിന്നുള്ള കടുത്ത മത്സരത്തേയും, വർദ്ധിച്ച ഉൽപ്പാദന ച്ചെലവുകളെയും അതിജീവിക്കത്തക്ക വിധത്തിൽ കമ്പനികളുടെ പ്രവർത്തനം മത്സരക്ഷമമാകുവാൻ കഴിയാഞ്ഞതും, മതിയായ പ്രവർത്തന മൂലധനത്തിൻെറ അപര്യാപ്തതയുമാണ് മിക്ക സ്ഥാപനങ്ങളുടെയും പ്രവർത്തനം മോശമാകുന്നതിനുള്ള പ്രധാന കാരണങ്ങൾ. |
| ബി) ഇക്കാലയളവിൽ വ്യവസായ വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ നഷ്ടം എത്ര കോടി രൂപയായിരുന്നുവെന്ന് വ്യക്തമാക്കാമോ; | ബി) മുൻസർക്കാരിൻെറ കാലത്ത് അവസാന സാമ്പത്തിക വർഷമായ 2015-16ൽ വ്യവസായവകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മൊത്തം നഷ്ടം 131.60കോടി രൂപയായിരുന്നു. |

സി) പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച കേന്ദ്രഗവൺമെന്റിന്റെ തെറ്റായ നയങ്ങൾ തിരുത്തി അവയെ ലാഭകരമാക്കുന്നതിനും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും പൊതുമേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ ; വിശദാംശം നൽകുമോ?

സി) പൊതുമേഖലാസ്ഥാപനങ്ങളെ സംരക്ഷിക്കുന്ന നയമാണ് സംസ്ഥാനസർക്കാർ സ്വീകരിച്ചുവരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി, ഓരോ പൊതുമേഖലാ സ്ഥാപനങ്ങളുടെയും പ്രവർത്തനം പൊതുമേഖലാ വ്യവസായ പുന:സംഘടനാ ബോർഡ് (റിയാബ്) കൃത്യമായി അവലോകനം ചെയ്തു വരുന്നു. അതിനു പുറമേ ഓരോ സ്ഥാപനങ്ങളേയും പ്രത്യേകം പ്രവർത്തന അവലോകത്തിനു വിധേയമാക്കി; ഇത്തരം അവലോകനങ്ങൾ പ്രവർത്തന സംബന്ധമായ പല പ്രശ്നങ്ങൾക്കും സമയോചിതമായി തന്നെ പരിഹാരം കണ്ടെത്തുവാൻ സഹായിച്ചു. ബാങ്കുകളിൽ നിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും സഹായം ലഭിക്കുന്ന സ്ഥിതിയിലല്ല മിക്ക സ്ഥാപനങ്ങളും. ആയതിനാൽ കൂടുതൽ ധനസഹായം ബഡ്ജറ്റിൽ നിന്നും നൽകുകയുണ്ടായി. 2016-17 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങൾക്കായി പ്രത്യേകം വകയിരുത്തിയ 100കോടി രൂപയ്ക്കുപുറമെ 23കോടി രൂപകൂടി സർക്കാർ അധിക ധനസഹായമായി നൽകിയിട്ടുണ്ട്. വിപണന മൂല്യമുള്ള ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനവിപുലീകരണത്തിലൂടെയും, നവീന സാങ്കേതിക വിദ്യയിലൂടെ ഉൽപ്പാദനക്ഷമതകൂട്ടിയും, ഉൽപ്പന്നങ്ങളുടെ വൈവിധ്യവത്ക്കരണ

ത്തിലൂടെ വിപണന സാധ്യതകൾ ഉറപ്പു വരുത്തിയും മാത്രമേ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വിപണിയിലെ കടുത്ത മത്സരത്തെ അതിജീവിക്കുവാൻ സാധിക്കുകയുള്ളൂവെന്ന് കണ്ടെത്തിയതിൻെറ അടിസ്ഥാനത്തിലാണ് ഈ സാമ്പത്തിക വർഷം മുതൽ പൊതുമേഖലാ സ്ഥാപനങ്ങളിൽ വിപുലമായ നവീകരണ വിപുലീകരണ പദ്ധതികൾ സർക്കാർ ആവിഷ്ക്കരിച്ചിരിക്കുന്നത്. ഈ പദ്ധതികൾ നടപ്പിലാക്കുവാൻ 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 270 കോടിരൂപയുടെ പദ്ധതി വിഹിത സഹായം സർക്കാർ അനുവദിച്ചിട്ടുണ്ട്. ഇത് മുൻ വർഷങ്ങളിലെ പദ്ധതി വിഹിതത്തിനേക്കാൾ ഉയർന്ന തുകയാണ്. ഇത് കൂടാതെ വിപുലമായ നവീകരണ വിപുലീകരണ പദ്ധതികൾ നടപ്പിലാക്കുവാൻ പ്രത്യേക ധനസഹായവും സർക്കാർ അനുവദിക്കുന്നതാണ്.

പൊതുമേഖലാ സ്ഥാപനങ്ങളിൽ വൈദഗ്ദ്ധ്യമുള്ളവരെ മാനേജിംഗ് ഡയറക്ടർ മാരായി നിയമിച്ച് കാര്യക്ഷമമായ മാനേജ്മെൻറ് സംവിധാനം നടപ്പിലാക്കിയും, സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം ശക്തിപ്പെടുത്തി വിപണന സംവിധാനം വിപുലപ്പെടുത്തിയും, സ്ഥാപനങ്ങളുടെ പ്രവർത്തനം മോണിട്ടറിംഗ് ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ കാര്യക്ഷമമാക്കിയും സ്ഥാപനങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്ന തിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

പൊതുമേഖലാ സ്ഥാപനങ്ങളിൽ ആവിഷ്ക്കരിച്ചുകൊണ്ടിരിക്കുന്ന വിവിധ

വിപുലീകരണ പദ്ധതികളുടെ ഫലമായി 20% മുതൽ 30% ത്തോളം പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാൻ സാധിക്കുമെന്നാണ് പ്രാഥമിക വിലയിരുത്തൽ. കൂടാതെ വിവിധ സ്ഥാപനങ്ങളിൽ ആസൂത്രണം ചെയ്തുവരുന്ന പദ്ധതികൾ യാഥാർത്ഥ്യമാകുന്ന മുറയ്ക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. കേരളത്തിൽ പ്രവർത്തിച്ചു വരുന്ന കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങളെ പൊതുമേഖലയിൽ തന്നെ സംരക്ഷിച്ച് നിലനിർത്തുന്നതിനും കൂടുതൽ കേന്ദ്ര നിക്ഷേപം ഉറപ്പുവരുത്തുന്നതിനുമായി കേന്ദ്രസർക്കാരിനോട് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

Bindumol.K.N

സെക്ഷൻ ഓഫീസർ